# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : T 1321. 14..6..2013-ൽ മറുപടിക്ക്

## പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ്: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി, ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം, അയൽ സംസ്ഥാനങ്ങളിൽ നിന്നും സങ്കരയിനം പശുക്കളെ വാങ്ങുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽ കൃഷിവികസന പദ്ധതി, കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികൾ എന്നിവ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം എന്നീ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രപദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ |

സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു.

| | |
|---|---|
| (ബി) ക്ഷീരകർഷകർക്ക് പ്രോത്സാഹനം ലഭ്യമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ക്ഷീരകർഷകർക്ക് പ്രോത്സാഹനം ലഭ്യമാക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നു. |

1. ഗ്രാമീണ വിജ്ഞാപന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും.
2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി.
3. കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി.
4. ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം.
5. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം.

സെക്ഷൻ ഓഫീസർ.